©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ജൂൺ 22
22nd June 2026
1201 മിഥുനം 8
8th Mithunam 1201
1948 ആഷാഢം 1
1st Ashadha 1948

നമ്പർ
No.
1866

ഫാറം നമ്പർ 7
ചട്ടം 18(1) കാണുക

വിജ്ഞാപനം

കെ13-956482/2024 **2026 ജൂൺ 19**

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19.05.2026 തീയതിയിലെ കെ13/956482/2024 നമ്പർ നടപടിക്രമ പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ(റെയിൽവെ) നേമത്തെ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിന് വിധേയമായി കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തിരുവനന്തപുരം എൽ.എ ഡെപ്യൂട്ടി കളക്ടറെ സർക്കാർ ഇതിനാൽ നിയമിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് തിരുവനന്തപുരം – നേമം റെയിൽപ്പാത ഇരട്ടിപ്പിയ്ക്കലുമായി ബന്ധപ്പെട്ട വികസനത്തിനു വേണ്ടി ആവശ്യമുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൽ തൽപര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ തീയതി ഏതാണോ അവസാനം സംഭവിക്കുന്നത് അതുമുതൽ 15 ദിവസത്തിനകം സ്പെഷ്യൽ തഹസിൽദാർ, എൽ.എ(റെയിൽവെ) നേമത്തിന് മുമ്പാകെ സമർപ്പിക്കുവാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിന്മേലുള്ള താത്പര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു അപേക്ഷ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാധ്യതയുള്ളതാണ്.

മേൽ പറഞ്ഞ പൊതു ആവശ്യത്തിലേക്ക് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിക്കുന്നതിനു വേണ്ടി ചുവടെ ചേർക്കുന്ന ഫീൽഡ് നമ്പരുകൾ സർവ്വെ ചെയ്ത റിക്കാർഡ് തയ്യാറാക്കുന്നതിലേയ്ക്കായി വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വെ ചെയ്യുന്നതിനും വിതാനങ്ങൾ എടുക്കുന്നതിനും അതിരും രേഖയും അടയാളപ്പെടുത്തുന്നതിനുമുള്ള പ്രവർത്തികൾ വസ്തു ഉടമസ്ഥൻ അല്ലെങ്കിൽ വസ്തു ഉടമസ്ഥൻ അധികാരപ്പെടുത്തിയ വ്യക്തിയുടെ സാന്നിധ്യത്തിൽ നടത്തുന്നതാണ് എന്ന അറിയിപ്പും നിയമത്തിലെ 12-ാം വകുപ്പ് പ്രകാരവും ചട്ടങ്ങളിൽ 19-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടത്തിൽ പുറപ്പെടുവിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഇതിനാൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നു.

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.trivandrum.gov.in)ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്തരൂപം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചുവടെ വിവരിച്ചിട്ടുള്ള ഭൂമി കോർപ്പറേഷൻ പരിധിയിൽപ്പെടുന്നു.

പട്ടിക							
എ) കോർപ്പറേഷൻ ഏരിയ							
ജില്ല :		തിരുവനന്തപുരം		താലൂക്ക് :	തിരുവനന്തപുരം		വില്ലേജ് : തൈയ്ക്കാട്
(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)							
ക്രമനം	ബ്ലോക്ക്	റീ സർവ്വേ നം	വിവരണം	വിസ്തീർണ്ണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	കൂടിയൊഴിപ്പിക്കപ്പെടുന്നതിന്റെ കാരണം	ഉടമസ്ഥരുടെ/ തത്പരകക്ഷികളുടെ പേരുകൾ
1	132	49	പുരയിടം	0.0043	റെയിൽവേയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കൽ	റെയിൽവേയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കൽ	ശ്രീ. വിജയ്, വെങ്കിടഗിരി, ഭഗവതി

സാമൂഹിക പ്രത്യാഘാത നിർണ്ണയ റിപ്പോർട്ടിന്റെ സംക്ഷിപ്തം

സാമൂഹിക പ്രത്യാഘാത പഠനം നടത്തിയ ഏജൻസി : Centre For Management Development, Thiruvananthapuram

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽപ്പാത വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം – നേമം റീച്ചിൽ നിലവിലുള്ള റെയിൽപ്പാതയുടെ ശേഷിക്കുറവ് പരിഹരിക്കുന്നതിനായി റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയ്ക്കായാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത്. ടി പദ്ധതിക്കായി ഭൂമി ഏറ്റെടുത്തപ്പോൾ റെയിൽവെ പുറമ്പോക്കായി കാണപ്പെട്ട സ്ഥലം കക്ഷിയുടെ ആവശ്യ പ്രകാരവും ബഹു.ലോകായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും എൽ.ആർ.എം നടപടി പ്രകാരം ശ്രീ.ആർ.വിജയ്, ശ്രീ.വെങ്കിടഗിരി, ശ്രീമതി.ഭഗവതി എന്നിവർ പേർക്ക് കൈവശാവകാശം സിദ്ധിച്ച് കരം ഒടുക്കി ലഭിച്ചതിൻ പ്രകാരം ന്യായമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ സതേൺ റെയിൽവെ അർത്ഥന ലഭ്യമാക്കിയതിന്മേലാണ് പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ളത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം – നേമം റീച്ചിൽ റെയിൽപ്പാത ഇരട്ടിപ്പിക്കൽ 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യം എന്ന ശീർഷകത്തിൽ വരുന്നതാണ്. ടി സ്ഥലത്ത് വരുമാന ദായകമായ ആസ്തികളോ കെട്ടിടങ്ങളോ നിർമ്മിതികളോ ഇല്ലാത്തതിനാലും ഭൂമി വിട്ടുനൽകാൻ കക്ഷികൾക്ക് സമ്മതമായതിനാലും 2013ലെ പൊന്നുംവില നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നഷ്ടപരിഹാരം നൽകി പ്രസ്തുത ഭൂമി ഏറ്റെടുത്ത് കൈമാറാവുന്നതാണ്.

(ഒപ്പ്)
ജില്ലാകളക്ടർ
തിരുവനന്തപുരം

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 132 ൽ സർവ്വെ നമ്പർ 49ൽ ഉൾപ്പെടുന്ന ഏകദേശം **0.0043** ഹെക്ടർ ഭൂമി തിരുവനന്തപുരം – നേമം റെയിൽപാത ഇരട്ടിപ്പിയ്ക്കലിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ, സതേൺ റെയിൽവെ, തിരുവനന്തപുരം അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 11(1) ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.22 04:39:28 +05:30